(സി) കാലാവധി കഴിയുമ്പോൾ സഹകരണ ബാങ്കുകളുമായുള്ള കരാർ പുതുക്കലും തുടർന്ന് എല്ലാ മാസവും പെൻഷൻ ഫയലുകൾ സെക്രട്ടറിയേറ്റിലേയ്ക്കും കെ.എസ്.ആർ.ടി.സി.-യിലേയ്ക്കും സർക്കുലേറ്റ് ചെയ്യേണ്ടി വരുകയും ചെയ്യുന്നതിനാൽ പെൻഷൻ താമസിക്കുന്നു എന്ന ആക്ഷേപം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

&

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ കരാർ ഒപ്പുവയ്ക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. പെൻഷൻ വിതരണം നടത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം ഈടാക്കുന്ന പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ഈ സാഹചര്യത്തിൽ സർക്കാർ നേരിട്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

242(1227) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ പ്രതിമാസ പെൻഷൻ ബാദ്ധ്യത എത്ര രൂപയാണ്; ഈ ബാദ്ധ്യത നിലവിൽ വഹിക്കുന്നത് സർക്കാരാണോ കെ.എസ്.ആർ.ടി.സി.-യാണോ; വിശദാംശങ്ങൾ നൽകാമോ?

പ്രതിമാസം ശരാശരി 65 കോടി രൂപയോളമാണ് പെൻഷൻ വിതരണത്തിനായി കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ടിവരുന്നത്. നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവും കെ.എസ്.ആർ.ടി.സി.-യും സർക്കാരുമായി കരാറിൽ ഏർപ്പെട്ട് അതിൻപ്രകാരമാണ് പെൻഷൻ നൽകി വരുന്നത്. ഇത്തരത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത പെൻഷൻ തുക ആറുമാസത്തിനുശേഷം പലിശ സഹിതം സഹകരണ സംഘങ്ങൾക്ക് നേരിട്ട് എല്ലാ മാസവും തിരികെ നൽകുന്നുണ്ട്. ഈ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നാണ് അനുവദിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പെൻഷൻകാർക്ക് സ്ഥിരാശ്വാസം എന്ന നിലയിലും ഒരു ശാശ്വത പരിഹാരമായി പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ട് അതിനനുസൃതമായി 1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമം (കേന്ദ്ര നിയമം) സെക്ഷൻ 45 (1) (സി), 45 എ എന്നിവ പ്രകാരം നിയമങ്ങൾ/ചട്ടങ്ങൾ രൂപീകരിക്കാമോ?

ഇക്കാര്യം പരിഗണനയിലില്ല.

(സി) നിലവിൽ സഹകരണ ബാങ്കുകൾ വഴി ക്രമീകരിച്ചിട്ടുള്ള പെൻഷൻ വിതരണത്തിന് പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശ ബാദ്ധ്യത എത്ര രൂപയാണ്; ഈ ബാദ്ധ്യത വഹിക്കുന്നത് സർക്കാരാണോ കെ.എസ്.ആർ.ടി.സി.-യാണോ; വിശദാംശങ്ങൾ നൽകാമോ?

പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിക്കുന്ന പെൻഷൻ തുകയ്ക്ക് പുറമെയുള്ള പ്രതിമാസ പലിശയിനത്തിൽ ശരാശരി 4.50 കോടിയോളം ചെലവാകുന്നുണ്ട്. പലിശയുൾപ്പെടെയുള്ള പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യും സർക്കാരും ചേർന്ന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്/സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്നും സ്വന്തം നിലയ്ക്ക് വിതരണം ചെയ്യാൻ കഴിയാതെ 2017-18 സാമ്പത്തിക വർഷത്തിൽ പെൻഷൻ വിതരണം മുടങ്ങിയ സ്ഥിതിവിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യം വഴി 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ തുക നൽകിവരുന്നു. ഇതിൻപ്രകാരം നിലവിൽ 2021 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി നിശ്ചിത കാലയളവിലേയ്ക്ക് മാത്രം മതിയാകില്ലേ; പരിശോധിച്ച് മറുപടി നൽകാമോ?

2013 ഏപ്രിൽ ഒന്ന് മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാർക്ക് വിരമിക്കുന്നത് മുതൽ പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി. സി.-യുടെ ബാദ്ധ്യത ഒഴിവാക്കാൻ കഴിയും. പക്ഷേ നിലവിൽ പെൻഷൻ വാങ്ങുന്ന ജീവനക്കാരുടേയും 2013 ഏപ്രിൽ ഒന്നിന് മുമ്പ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടേയും പെൻഷൻ ഇനത്തിലെ ബാദ്ധ്യതയ്ക്ക് ഒരു നിശ്ചിത കാലയളവ് നിജപ്പെടുത്താൻ നിലവിലെ സ്ഥിതിയിൽ കഴിയില്ല.

**കെ.എസ്.ആർ.ടി.സി.-യിലെ ഓഡിറ്റ്**

243(1228) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിൽ വരവ്-ചെലവ് സംബന്ധിച്ച ഓഡിറ്റ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് നടന്നിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി ഓഡിറ്റ് സർട്ടിഫിക്കേഷനുവേണ്ടി അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം**

244(1229) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിലെ ആശ്രിത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ;

&